## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 250** **18.07.2016 ൽ മറുപടിയ്ക്ക്**

**സാക്ഷരതാ വിദ്യാകേന്ദ്രങ്ങളിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, വി.റ്റി.ബൽറാം<br>,, അൻവർ സാദത്ത്<br>,, അനിൽ അക്കര | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സാക്ഷരതാ വിദ്യാകേന്ദ്രങ്ങളിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) നടപ്പാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി സംസ്ഥാനത്ത് പ്രത്യേക തൊഴിൽ നൈപുണ്യവികസന പദ്ധതി ഗ്രാമ/ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പ്രവർത്തിക്കുന്ന വികസന-തുടർ വിദ്യാകേന്ദ്ര ങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ സാക്ഷരതാ/ തുല്യതാ പഠിതാക്കൾക്ക് വേണ്ടി പ്രത്യേക തൊഴിൽ നൈപുണ്യ പദ്ധതിയായി സംസ്ഥാനത്തൊട്ടാകെ ആകെ 69 കേന്ദ്ര ങ്ങളിലായി ആരംഭിച്ച് നടപ്പാക്കിവരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സാക്ഷരതാ മിഷൻ തുടർവിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുക, അനൗപചാരിക വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്നവർക്കും തൊഴിൽ പരിശീലനം ഉറപ്പുവരുത്തുക, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക, തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ച് പഠിതാക്കൾക്ക് സ്ഥിരം വരുമാനം ഉറപ്പുവരുത്താനും ജീവനോപാധി കണ്ടെ ത്താനും സഹായിക്കുക, ഇതിനായി ആദ്യ ഘട്ടത്തിൽ 69 സ്ഥിരം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക എന്നീ ലക്ഷ്യ ങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കാമോ; | (സി) | 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഇതിനായി 125 ലക്ഷം രൂപ നീക്കി വെക്കുകയും പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ ആകെ 69 തുടർ വിദ്യാകേന്ദ്രങ്ങളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുവാനായി ഒരു ജില്ലയിൽ നിന്നും അഞ്ചു വീതം വിദ്യാകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും പ്രസ്തുത കേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് സംസ്ഥാന തലത്തിൽ ഒരു ഏകദിന പരിശീലനം നല്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഓരോ പരിശീലന കേന്ദ്രത്തിനുമായി ബജറ്റ് തുകയിൽ നിന്നും 50,000/- രൂപ നീക്കിവെച്ചു. ഓരോ കോഴ്സിലേക്കുമുള്ള പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി പരിശീലനം നടക്കുന്ന ഓരോ കേന്ദ്രങ്ങൾക്കും 32,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ തുടർ/വികസന വിദ്യാകേന്ദ്രങ്ങളെയും തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി ഇതിന്റെ ഗുണഭോക്താക്കൾക്ക് സ്ഥിരം വരുമാനം ഉറപ്പുവരുത്തുവാനും ഉദ്ദേശിക്കുന്നു. |
| (ഡി) | പദ്ധതിയിൻ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്? | (ഡി) | പ്രാദേശികതലത്തിൽ ജില്ലാ സാക്ഷരതാ മിഷനുകളുടെ സഹായത്തോടെ വികസന-തുടർ വിദ്യാകേന്ദ്രങ്ങളിൽ നിന്നും പരിശീലന കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ട കേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ ജില്ലാതലത്തിൽ തയ്യാറാക്കി. ജില്ലകളിലുള്ള വികസന-തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാരുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടിയുടെ റിപ്പോർട്ട് തയ്യാറാക്കി. ജില്ലകളിലെ തുടർ-വികസന വിദ്യാകേന്ദ്രങ്ങൾ വഴി നടത്തുവാനുദ്ദേശിക്കുന്ന പരിപാടികളുടെ ജില്ലാതല റിപ്പോർട്ട് സംസ്ഥാനതലത്തിൽ പരിശോധിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ച് ജില്ലാ സാക്ഷരതാ മിഷനുകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട വികസന തുടർ വിദ്യാകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി. തൊഴിൽ പരിശീലനത്തിന്റെ നടത്തിപ്പിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് സംസ്ഥാന |

തലത്തിൽ ഏകദിന പരിശീലനം നല്കി. തൊഴിൽ നൈപുണ്യ വികസന പദ്ധതിയുടെ നടത്തിപ്പിനായി 125 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ സാക്ഷരതാ മിഷനുകളുടെയും സഹായത്തോടെ 14 ജില്ലകളിലുമായി ആകെ 69 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രങ്ങൾ വഴി നടത്താനുദ്ദേശിച്ചിട്ടുള്ള കോഴ്സുകളുടെ പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവിലേക്കായി 25,000/- രൂപയും ആദ്യമാസത്തെ പ്രവർത്തന ചെലവുകൾക്കായി 7000/- രൂപയും ചേർത്ത് ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്കും 32,000/- രൂപ വീതം ജില്ലാ കോ-ഓർഡിനേറ്റർ (എഫ്&എ) വഴി അനുവദിച്ചു നല്കിയിട്ടുണ്ട്. അപ്രകാരം ഈ ഇനത്തിൽ ആകെ 69 സെന്ററുകൾക്കായി ആകെ 22,08,000/- രൂപ അനുവദിച്ചിട്ടുണ്ട്. മൂന്ന് മാസത്തെ പരിശീലനമാണ് ഈ കോഴ്സുകളുടെ കാലാവധി.

സെക്ഷൻ ഓഫീസർ